"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിൽ Swarnajayanti Gram Swarozgar Yojana (SGSY) പദ്ധതി പ്രകാരം ചെലവഴിക്കാത്ത തുക കൂടി ഉപയോഗിച്ച് വനിതാ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്

സ.ഉ.(സാധാ) നം.666/2023/LSGD തീയതി,തിരുവനന്തപുരം, 20-03-2023

പരാമർശം:- 08.03.2023 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.71 നമ്പർ തീരുമാനം.

ഉത്തരവ്

കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന് 2012-13-ൽ ലഭിച്ച Swarnajayanti Gram Swarozgar Yojana (SGSY) വിഹിതത്തിൽ പലിശയും ചേർത്ത് 15.10 ലക്ഷം രൂപ ബാങ്ക് അക്കൗണ്ടിൽ ബാക്കിയുണ്ട്. ഈ തുക ഉപയോഗിച്ച് 'വനിതാ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് തൂണേരി ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അനുമതി ആവശ്യപ്പെടുകയും തുടർന്ന് ഈ വിഷയം 08.03.2023 തീയതിയിലെ കോർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരികയും ചെയ്തു. തൊഴിൽ സൃഷ്ടിക്കുന്നതിനുവേണ്ടി ലഭിച്ച കേന്ദ്രവിഹിതത്തിലെ മിച്ചമുള്ള തുക അതേ ആവശ്യത്തിനു തന്നെ (തൊഴിൽ സംരംഭം) ഉപയോഗിക്കാനായതിനാൽ കോർഡിനേഷൻ കമ്മിറ്റി പരാമർശം തീരുമാനം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോ.നം.83/23	അടങ്കൽ	78,60,000/- രൂപ (വികസന ഫണ്ട് ജനറൽ-18,50,000 രൂപ)
		ബാങ്ക് ലോൺ- 45,00,000/- രൂപ
		CSS സേവിംഗ്സ് തുക-15,10,000 രൂപ
പേര്	വനിതാ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം	

മേൽ സാഹചര്യത്തിൽ, 2012-13-ൽ ലഭിച്ച SGSY വിഹിതത്തിൽ പലിശയും ചേർത്ത് ബാങ്ക് അക്കൗണ്ടിൽ ബാക്കിയുള്ള 15.10 ലക്ഷം രൂപ കൂടി ഉപയോഗിച്ച്, കോഴിക്കോട് ജില്ലയിലെ

ധ.ഉ.(സാധാ) നം.666/2023/LSGD

ഇരുമ്പേരി ബ്ലോക്ക് പഞ്ചായത്തിന്റെ 'വനിതാ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം' (പ്രോജക്ട് നമ്പർ 83/23) എന്ന പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാവുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പകർപ്പ്:ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട്

പ്രസിഡന്റ്/സെക്രട്ടറി, ഇരുമ്പേരി ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട്

ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (ഡി.എ.)വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 20-03-2023 12:25:49
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്